91. ലോകബാങ്ക് സഹായത്തോടെയുള്ള 'റോഡ്' ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ടെക്നിക്കൽ അസിസ്റ്റൻസ് പ്രോജക്ടിന്റെ' കീഴിൽ 600 കിലോമീറ്റർ റോഡിന്റെ വിശദമായ രൂപരേഖ തയ്യാറാക്കുകയും ഈ വർഷം 400 കിലോമീറ്റർ റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുത്ത് പ്രാഥമിക പണികൾ ആരംഭിക്കുന്നതുമാണ്. ഇതിനുവേണ്ടി ഞാൻ 30 കോടി രൂപ മാറ്റിവയ്ക്കുന്നു.

92. പുതുതായി രൂപീകരിച്ച റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന്റെ ഷെയർ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി ഒരു കോടി രൂപ നീക്കിവയ്ക്കുന്നു. കോർപ്പറേഷൻ അതിന്റെ പ്രവർത്തനത്തിന്റെ ആദ്യഭാഗമായി റെയിൽവേ ഓവർബ്രിഡ്ജ് ശൃംഖലകളുടെ പണി നടത്തുന്നതാണ്.

93. റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ഫണ്ടിന്റെ കീഴിൽ റോഡ്പണിയുടെ അടങ്കൽ അടുത്തവർഷം 150 കോടി രൂപയായി ഉയർത്തുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. സ്കീമിൽ റോഡുകളുടേയും പാലങ്ങളുടേയും അടങ്കൽ ഇനിയും വർദ്ധിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

94. ഒമ്പത് റെയിൽവേ ഓവർബ്രിഡ്ജുകളുടെ നിർമ്മാണം, കൊല്ലം-ആലപ്പുഴ ബൈ-പാസ് ബി.ഒ.ടി.യിൽ നടപ്പാക്കാനുള്ള സാദ്ധ്യതാപഠനം, കണ്ണൂർ-കോഴിക്കോട് എൻ.എച്ച്.17 അഭിവൃദ്ധിപ്പെടുത്തുക, എൻ.എച്ച്.47-ന്റെ ആലുവ-അങ്കമാലി, തൃശൂർ വാണിയമ്പാറ ഭാഗങ്ങൾ നാലുവരിപ്പാതയാക്കുക, റോഡുകളിൽ റബ്ബറൈസ്ഡ് ബിറ്റുമിന്റെ ഉപയോഗം വർദ്ധിപ്പിക്കുക എന്നിവയാണ് ഈ വർഷം ശ്രദ്ധിക്കുന്ന മറ്റ് പ്രധാന മേഖലകൾ.

95. കൊച്ചിയിലേയും തിരുവനന്തപുരത്തേയും സിറ്റി റോഡുകൾക്ക് വികസന അതോറിറ്റികൾ വഴി കൂടുതൽ തുക ഞാൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്.. കോഴിക്കോട് സിറ്റി റോഡുകൾക്കായി പി.ഡബ്ല്യൂ.ഡി. റോഡ് വിഭാഗത്തിന് 2 കോടി രൂപ കൂടി നൽകുവാൻ ഞാൻ ഉദ്ദേശിക്കുന്നു.

96. പാലക്കാട്-ദിണ്ടിഗൽ റെയിൽവേ ലൈനിൽ പാലക്കാട് നഗരത്തിന്റെ ഹൃദയഭാഗത്തുള്ള ലെവൽ ക്രോസിങ്ങിൽ യാത്രാതടസ്സം ഒഴിവാക്കാൻ ഫ്ളൈഓവർ നിർമ്മിക്കുന്നതിനായി 2 കോടി രൂപ കൂടി ഞാൻ നീക്കിവയ്ക്കുന്നു.

ഗതാഗതം

97. 2000-2001 വർഷത്തിൽ കെ.എസ്.ആർ.റ്റി.സി.യുടെ പ്രവർത്തനം വികസിപ്പിക്കുന്നതാണ്. 120 കോടി രൂപ മൊത്തം ചെലവു വരുന്ന 1200 ബസ്സുകൾ പുതുതായി നിരത്തിൽ ഇറക്കാൻ കോർപ്പറേഷൻ ഉദ്ദേശിക്കുന്നു. കെ.എസ്.ആർ.ടി.സി.യുടെ എല്ലാ മേജർ വർക്ക്ഷോപ്പുകളും ഡിപ്പോകളും കമ്പ്യൂട്ടറൈസ്ഡ് ചെയ്യുന്നതാണ്.

98. മോട്ടോർ വാഹന വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ രണ്ട് വർഷം കൊണ്ട് പൂർത്തിയാക്കുന്നതാണ്. വകുപ്പിൽ പൗരപ്രതികരണ പരിപാടികളിലും കാര്യക്ഷമതയിലും റവന്യൂ വരുമാനം

LIBRARY ARCHIVES Kerala Legislative Assembly

പിരിച്ചെടുക്കലിനും കാര്യമായ പുരോഗതിയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി 6 കോടി രൂപ ഞാൻ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും റോഡ് സേഫ്റ്റി ക്ലബുകൾ രൂപീകരിക്കുന്നതാണ്.

99. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന് പുതിയ ടെർമിനലിനുവേണ്ടി സ്ഥലം എടുക്കാനും വികസിപ്പിക്കാനുമായി 10 കോടി രൂപ ഞാൻ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഉൾനാടൻ ജലഗതാഗതം

100. സുൽത്താൻകനാൽ പദ്ധതി പൂർത്തിയാക്കുന്നതോടൊപ്പം ടി. എസ്. കനാലിന്റെ 70 കോടി രൂപ അടങ്കൽ വരുന്ന കൊല്ലം-കോവളം ഘട്ടം നവീകരണം 2000 ഏപ്രിലിൽ തുടങ്ങുന്നതാണ്.

101. കേരള ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനെ തീരദേശ യാത്രാ-ചരക്ക് കപ്പൽ ഗതാഗതം തുടങ്ങുന്നതിന്റെ നിർവ്വഹണ ഏജൻസിയാക്കുന്നതാണ്. തിരുവനന്തപുരം മുതൽ എറണാകുളം വരെയും എറണാകുളം മുതൽ കോഴിക്കോട് വരെയും തീരക്കടലിൽ കൂടി അതിവേഗ ആധുനിക യാത്രാവാഹനങ്ങൾ ഓടിക്കുന്നതിന്റെ സാദ്ധ്യതകൾ ആരായുന്നതാണ്.

തുറമുഖങ്ങൾ

102. അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായി 4 കോടി രൂപ ഞാൻ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നു.

103. ബേപ്പൂരിൽ 100 മീറ്റർ വാർഫിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. ശേഷിച്ച പണി അടുത്തവർഷം തന്നെ പൂർത്തിയാക്കുന്നതിന് ഞാൻ 75 ലക്ഷം രൂപ ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നു.

104. ആലപ്പുഴ തുറമുഖ വികസനത്തിന്റെ പ്രാരംഭചെലവുകൾക്കായി ഞാൻ 25 ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

വൻകിട-ചെറുകിട ജലസേചനം

105. ഈ ബഡ്ജറ്റിൽ വൻകിട-ചെറുകിട ജലസേചന മേഖലയ്ക്കുള്ള വിഹിതം 343 കോടി രൂപയാണ്. പണി നടന്നുകൊണ്ടിരിക്കുന്ന ജലസേചന പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കുക എന്നതാണ് പ്രഥമ ദൗത്യം. ബാണാസുര സാഗർ ജലസേചന പദ്ധതിയുടെയും ചമ്രവട്ടം ബ്രിഡ്ജ്-കം റഗുലേറ്റർ പദ്ധതിയുടേയും പണി പ്രാരംഭ ദിശയിലാണ്. തണ്ണീർമുക്കം ബണ്ടിന്റെ 62 ഷട്ടറുകൾ ഘട്ടം ഘട്ടമായി മാറ്റി പുതിയവ സ്ഥാപിക്കുന്ന ഒരു പദ്ധതി നടന്നുകൊണ്ടിരിക്കുന്നു. തൃത്താല റഗുലേറ്റർ കം ബ്രിഡ്ജിന്റെ പണി ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. 2000-2001-ൽ തന്നെ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ ആദ്യകാല ജലസേചന പദ്ധതികൾ. കേന്ദ്രസഹായത്തോടുകൂടി കേടുപാടുകൾ തീർത്ത് പുന:രുദ്ധരിക്കുന്നതാണ്. ഇതിനായി 20 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

budget. The corporation will construct a chain of railway over bridges as part of its initial activities.

93. Government has been able to increase the outlay for roads under the Rural Infrastructure Development Fund to Rs. 150 cr. this year. We are hopeful of increasing this outlay for Roads and Bridges under RIDF in 2000-01.

94. The other salient areas of focus in my budget, include the construction of 9 railway overbridges, feasibility study for a BOT project for Kollam and Alappuzha bypasses, improvement of Kannur-Kozhikode section of NH 17, four laning of Aluva-Angamali and Trisshur-Vaniyampara stretches of NH-47 and increasing the use of rubberised bitumen on our roads.

95. I have already announced increased budget provisions for city roads in Thiruvananthapuram and Kochi through the development Authorities. I also intend to provide Rs. 2 cr. for PWD roads in the city of Calicut.

96. I shall also provide Rs. 2 cr. for constructing a fly over on the Palakkad-Dindigul railway line to ease the congestion on the level cross in the heart of Palakkad town.

Transport

97. During the year 2000-01, the activities of KSRTC shall be expanded. The Corporation proposes to introduce 1200 buses at a total cost of Rs. 120 cr. All major workshops and depots of KSRTC will be computerised.

98. The computerisation of the Motor Vehicles Department will be completed in two years. Considerable improvement in citizen response functions of the Department, its efficiency and revenue collection are expected. I have provided Rs. 6 for this purpose in the budget. Road Safety Clubs will be set up in Schools and Colleges of the State.

99. I have also set apart Rs. 10 cr. for acquisition and development of land for a new terminal for the Thiruvananthapuram International Airport.

Inland Navigation

100. In addition to completing the Sultan Canal Project, the renovation of the Kollam-Kovalm reach of the T.S. Canal at an estimated cost of Rs. 70 cr. will be taken up in April 2000.

101. The Kerala Shipping and Inland Navigation Corporation will be made the nodal agency for opening coastal shipping routes for passenger and freight traffic. The possibility of operating high-speed modern passenger vehicles along the coast from Thiruvananthapuram to Ernakulam and Kozhikode will be explored.

Ports

102. I am providing Rs. 4 cr. for the development of Azheekal Port in the budget for 2000-01.

103. A 100m. wharf is in construction in Beypore. I intend to provide Rs. 75 lakhs for completing the rest of the work in the next year.

LIBRARY ARCHIVES Kerala Legislative Assembly